കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് - പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ).2711/16/തസ്വഭവ** **തിരുവനന്തപുരം, തീയതി, 22.09.2016**

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 22.09.2014 തീയതിയിലെ 13057 /ജെ.ആർ.വൈ2/14/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ളതും മുൻപ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് നിലനിന്നിരുന്നതുമായ സ്ഥലത്ത് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ ഗ്രാമ വികസന കമ്മീഷണർ പരാമർശ കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. ഐ.എ.വൈ പദ്ധതിയിൽ 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാന വിഹിതം ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി തുകയിൽ നിന്നും ചെലവഴിച്ചത് തിരികെ ലഭിച്ചതും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ളതുമായ തുക ഉൾപ്പെടെ 75 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി ചെലവഴിക്കാനാണ് അനുമതി തേടിയിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 75 ലക്ഷം രൂപ ചെലവഴിച്ച് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കാൻ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

3. കെട്ടിട നിർമാണത്തിനുള്ള കരാർ ഇ-ടെണ്ടർ മുഖേന മാത്രം നൽകേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ഡി.സന്തോഷ്**
**ഡെപ്യൂട്ടി സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പയ്യന്നൂർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ